# ഏലംകൃഷി - പുതിയ സാദ്ധ്യതകൾക്ക് കമ്മിറ്റി

ഏലം ഉല്പാദനത്തിൽ അനുഭവപ്പെടുന്ന വർദ്ധനവ് ആണ് കമ്പോളത്തിൽ അമിതമായ വിലയിടിവിന് കാരണമെന്ന് കേന്ദ്ര വാണിജ്യ മന്ത്രി ശ്രീ. പി. ചിദംബരം പ്രസ്താവിച്ചു.

അടുത്തയിടെ, കൊച്ചിയിൽ ചേർന്ന യോഗത്തിൽ ഒരു വിദഗ്ധ കമ്മിറ്റിയെ കൊണ്ട് ഏലം ഉല്പാദന രംഗത്തെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ മന്ത്രി സ്പൈസസ് ബോർഡിനോട് ആവശ്യപ്പെട്ടു. കൃഷി - സാമ്പത്തിക രംഗത്തെ പ്രമുഖരും കർഷകരും ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ ഇതിനായി രൂപീകരിക്കാൻ സ്പൈസസ് ബോർഡിന് നിർദ്ദേശം നൽകിയതനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആൻഡ് ഇക്കണോമിക് ചെയ്ഞ്ച്, ബാംഗ്ലൂർ, ഡയറക്ടർ ശ്രീ. പി. വി. ഷേണായിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിക്ക് രൂപം നൽകി കഴിഞ്ഞു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റേഷൻ മാനേജ്മെന്റ്, ബാംഗ്ളൂർ ഡയറക്ടർ ഡോ. സുഭാഷ് ശർമ്മ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരത്തിലെ ഡോ. പി. കെ. മൈക്കൾ തരകൻ, കേരള കാർഡമം ഗ്രോവേഴ്സ് യൂണിയൻ പ്രസിഡണ്ട് ശ്രീ. ടി. അശോക് കുമാർ, ശ്രീ. കെ. എസ്. സ്കറിയ ജൂനിയർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് ഡയറക്ടർ ഡോ. കെ. വി. പീറ്റർ കർണ്ണാടക യൂണിവേഴ്സിറ്റി ഓഫ് അഗ്രി. സയൻസ് അസോസിയേറ്റ് ഡയറക്ടർ പ്രൊ. കെ.ടി. ശിവശങ്കർ, കേരള കാർഷിക സർവ്വകലാശാല റിസർച്ച് ഡയറക്ടർ ഡോ. എൻ. മോഹൻ കുമാർ, തമിഴ്നാട് അഗ്രി. യൂണിവേഴ്സിറ്റിയിലെ ഡോ. പീറ്റർ വേദമുത്തു, സ്പൈസസ് ബോർഡിലെ വികസന ഗവേഷണ വിഭാഗങ്ങളിലെ ഡയറക്ടർമാരായ ശ്രീ. കോശി ജോൺ, ഡോ. എസ്. എൻ. പോറ്റി എന്നിവരാണ് കമ്മിറ്റിയിലെ മറ്റംഗങ്ങൾ.

ഏലത്തിന്റെ ഉല്പാദനക്ഷമത ക്രമാതീതമായി ഉയർന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 1986-89 ൽ ഹെക്ടറിന് 57 കിലോഗ്രാം വിളവ് ആയിരുന്നത് 1994-95 ൽ ഹെക്ടറിന് 113 കിലോഗ്രാമായി ഉയർന്നു. ഏകദേശം 98 ശതമാനം വർദ്ധനവ്. ഈ നടപ്പുവർഷം 7000 ടണ്ണാണ് ഉല്പാദനം. ഈ നില തുടർന്നാൽ ഏലത്തിന്റെ വിലയിൽ സാരമായ കുറവുണ്ടാകും.

ആഭ്യന്തര ആവശ്യവും കയറ്റുമതി സാദ്ധ്യതയും കണക്കിലെടുത്ത് ന്യായമായ വില കർഷകന് ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ കമ്മിറ്റി ശുപാർശ ചെയ്യും. നിലവിലുള്ള ഏലം കൃഷി രീതികൾ മനസ്സിലാക്കുകയും കൃഷിഭൂമിയുടെ ഒരു ഭാഗം മറ്റു സുഗന്ധ വ്യഞ്ജനങ്ങളും വൃക്ഷ സുഗന്ധവിളകളും കൃഷി ചെയ്യേണ്ടുന്ന സാദ്ധ്യതകളെ പറ്റിയും കമ്മിറ്റി പഠനം നടത്തും. ✹

# മഞ്ഞൾ - ഉല്പാദനത്തിലെ ഉപഘടകങ്ങൾ

ബി. ശശികുമാർ

'മണ്ണിന്നടിയിൽ പൊന്നമ്മ?' - ഉത്തരം - മഞ്ഞൾ. കടംകഥയ്ക്ക് കാവ്യഭംഗി ഉണ്ടെങ്കിലും പൊന്നമ്മയുടെ രൂപകല്പനയോ ? ഭാവന ഇല്ലാത്ത ആരോ കോറിയിട്ട കോലങ്ങൾ പോലെ!

ഒന്നോ, അതിലധികമോ തള്ളത്തടകളും, ആ തടകളിൽ നിന്നുണ്ടാകുന്ന ഒന്നാം വിരലുകളും (Primary fingers), ഒന്നാം വിരലുകളിൽ സ്ഥാനത്തും അസ്ഥാനത്തുമായി കാണപ്പെടുന്ന രണ്ടാം വിരലുകളും (Secondary fingers), രണ്ടാം വിരലുകളിൽ കൊമ്പിന്മേൽ കൊമ്പു പോലെ മൂന്നാം വിരലുകളും എല്ലാം കൂടി ഒരു വിചിത്രാകാരം! മണ്ണിന്നടിയിൽ ഉണ്ടാകുന്നതു കൊണ്ടാകാം മഞ്ഞളിന്റെ ആകാരത്തെപ്പറ്റി വിധാതാവ് കാര്യമായി ചിന്തിക്കാതിരുന്നത്? അതോ മഞ്ഞൾ നക്തംജാത' ആയതുകൊണ്ടാണോ എന്നുമറിയില്ല.

എല്ലാം കൂടി ഒന്നായി ഇരിക്കുമ്പോൾ രൂപഭംഗിയില്ലെങ്കിലും ഓരോ ഭാഗത്തിനും അതിന്റേതായ പ്രാധാന്യവും ചാരുതയും ഉണ്ട്. ആത്യന്തിക ഉല്പന്നമായ മഞ്ഞൾ ഇതിന്റെ എല്ലാം കൂടി ഒരു ആകെത്തുകയാണ്. അഥവാ ഈ വിവിധ ഭാഗങ്ങളെ മഞ്ഞൾ ഉല്പാദനത്തിന്റെ ഉപഘടകങ്ങൾ എന്ന് പറയാം.

മണ്ണിന്നടിയിലാണ് മഞ്ഞൾ ഉണ്ടാകുന്നതെങ്കിലും മണ്ണിനു മുകളിൽ കാണപ്പെടുന്ന സ്വഭാവങ്ങളായ ചെടിയുടെ ഉയരം, ഇലകളുടെ എണ്ണം, ചിനപ്പുകളുടെ എണ്ണം എന്നീ സ്വഭാവങ്ങൾക്ക് പുറമെ മഞ്ഞൾ ഉല്പാദനത്തിലെ മറ്റ് അവിഭാജ്യ ഘടകങ്ങളാണ് തള്ളത്തടകളുടെ എണ്ണവും തൂക്കവും, വിരലുകളുടെ എണ്ണവും തൂക്കവും.

മഞ്ഞളിന് മഞ്ഞനിറം കൊടുക്കുന്നതും കുർക്കുമിൻ എന്ന രാസഘടകമാണ്. തള്ളത്തടകളിലും, വിരലുകളിലും ഈ പദാർത്ഥത്തിന്റെ തോത് വ്യത്യസ്തമായിരിക്കാമെന്ന് അടുത്ത കാലത്ത് നടത്തിയ പഠനങ്ങൾ വെളിവാക്കുന്നു.

*1 രാത്രിയിൽ ജനിച്ചവർ* ✹